MONDAY 14-11-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


### FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Saritha Vijayan K



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/11/2022.

1. കൃഷിവകുപ്പ് മന്ത്രി നയിക്കുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം എന്ന കൃഷിദർശൻ പരിപാടി ഈ മാസം 24 മുതൽ 26 വരെ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിൽ തുടക്കം കുറിക്കുന്നു. പരിപാടിയുടെ ഭാഗമായി ബ്ലോക്കിലെ ഒരു പഞ്ചായത്ത് കേന്ദ്രമാക്കി മന്ത്രിയുടെ **ഞങ്ങളും കൃഷിയിലേക്ക്- ഗൃഹസന്ദർശനം, ഒരു കർഷക ഭവനം കേന്ദ്രീകരിച്ച് 'ഭവന കൂട്ടായ്മ', കാർഷിക സാംസ്കാരിക പരിപാടികൾ** എന്നിവയുമുണ്ടാകും.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഈ മാസം 15-ന് രാവിലെ 10 മണിക്ക് കൊല്ലം ജില്ലയിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. **നവംബർ 15 മുതൽ ഡിസംബർ 8 വരെ ഉള്ള 21 പ്രവർത്തി ദിവസങ്ങ**ളിലായി ഈ യജ്ഞം പൂർത്തീകരിക്കുന്നതാണ്. നാല് മാസവും അതിനു മുകളിലും പ്രായമുള്ള മുഴുവൻ പശു, എരുമ വർഗ്ഗത്തിലുള്ളള ഉരുക്കളേയും കുത്തിവയ്പ്പിന് വിധേയമാക്കാനാണ് ലക്ഷ്യമിടുന്നത്. കർഷകരുടെ വീട്ടുപടിക്കൽ സേവനം നൽകുന്നതിനായി ഒരു വാക്സിനേറ്ററും ഒരു സഹായിയും അടങ്ങുന്ന 1916 സ്ക്വാഡുകൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. മൃഗങ്ങൾക്കുള്ള സാംക്രമിക രോഗനിയന്ത്രണ/നിർമ്മാർജ്ജന ആക്ട് പ്രകാരം കുളമ്പുരോഗ കുത്തിവയ്പ്പ് എടുക്കേണ്ടത് അനിവാര്യമാണ്.

3. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃ പിതൃ ശേഖരത്തിൽപ്പെട്ട അയ്യായിരത്തിൽപരം കോഴികളെ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. വയനാട് ജില്ലയിലെ പൂക്കോട്പ്രവർത്തിക്കുന്ന കേരളാ വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ടീച്ചിംഗ് അസിസ്റ്റൻറ്, ലബോറട്ടറി അറ്റെൻഡൻറ്, ഗസ്റ്റ് ഫാക്കൽറ്റി എന്നീ തസ്തികകളിലേക്ക് ആണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. തസ്തികയ്ക്കു വേണ്ട വിദ്യാഭ്യാസ യോഗ്യത അറിയുവാനും അപേക്ഷാഫോറത്തിന്റെ മാതൃകയ്ക്കുമായി www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. യോഗ്യതാസർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സ്വന്തം മേൽവിലാസം എഴുതിയ അഞ്ചുരൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച തപാൽ കവർ എന്നിവ പൂരിപ്പിച്ച അപേക്ഷയോടൊപ്പം "The Course Director, Diploma in Dairy Science, College of Veterinary and Animal Sciences, Pookode, Lakkidi (P.O), Wayanad, Kerala-673576 എന്ന വിലാസത്തിൽ ഈ മാസം 19-നു ( 19/11/2022 നു) മുമ്പായി അയയ്ക്കേണ്ടതാണ്.

**പരിശീലന പരിപാടികൾ**

5. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവീസ് വിഭാഗത്തിൽ **പഴം പച്ചക്കറി വിളകളുടെ ശാസ്ത്രീയ കൃഷി രീതികൾ, സസ്യസംരക്ഷണം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, വൈൻ നിർമ്മാണം** എന്ന വിഷയത്തിൽ **നവംബർ 21, 22, 23** തീയതികളിലായി ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9539115117** എന്ന ഫോൺ നമ്പറിലേക്ക് വിളിക്കുകയോ, പേരും ഫോൺ നമ്പരും അതെ നമ്പരിലേക്ക് വാട്സാപ്പ് സന്ദേശമായി അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ് വെള്ളായണിയിലെ സോഷ്യൽ സയൻസ് / കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിങ് സർവീസ് സ്കീമിന്റെ ഓഫീസിൽ എത്തി രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117, 9495118208** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 15,16 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 23-ന് ഇറച്ചിക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ **ക്ലാസ്സ് റൂം പരിശീലനവും**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**29-ന് ടർക്കി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ പരിശീലനവും** സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **04829 234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'ജൈവ കൃഷി പരിപാലനം'** എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. നവംബർ 27 നു മുമ്പായി രജിസ്റ്റർ ചെയ്യേ്താണ്. കൂടുതൽ വിശദശാംശങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **0487 2438567, 9497353389, 9567190858** എന്നീ ഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

8. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17,18** (നവംബർ 17,18) **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **16-ന് (നവംബർ 16) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471-2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.